സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഫിനാൻസ് & അക്കൗണ്ട്സ് ആഫീസ് - ആഡിറ്റ് റിവ്യൂ -- സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 9598/18/Est-I നന്തൻകോട്, 03/9/2018

---

പരാമർശം :- ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 09-08-2018 ലെ FAO 441/18/IAD നമ്പർ റിപ്പോർട്ട്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ, ആഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കണക്കുകൾ ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ ആഡിറ്റ് പ്രോഗ്രാം മുൻകൂട്ടി നിശ്ചയിക്കുന്നതനുസരിച്ച് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസിലെയും ഗ്രൂപ്പുകളിലേയും അസിസ്റ്റന്റ് ആഡിറ്റ് ആഫീസർമാരുടെ നേതൃത്വത്തിൽ ആഡിറ്റ് ചെയ്യുകയും ബാദ്ധ്യത സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അതത് ആഫീസ് മേധാവികൾക്ക് മുൻകൂട്ടി അയച്ചുകൊടുത്ത് അതിൻപ്രകാരമുള്ള തുകയിൽ ആക്ഷേപം ഇല്ലാത്തവ ഒടുക്കുവരുത്തുകയും തുടർന്ന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ പ്രസ്തുത ദേവസ്വങ്ങൾ/ആഫീസുകൾ നേരിട്ട് സന്ദർശിച്ച് ആഡിറ്റ് റിവ്യൂ നടത്തുകയും ചെയ്യുന്നു..

ബഹുഭൂരിപക്ഷം ദേവസ്വങ്ങളിലെയും ആഡിറ്റിൽ വളരെ ചെറിയ തുകയാണ് ബാദ്ധ്യതയായി തിട്ടപ്പെടുത്തുന്നതും ബാദ്ധ്യത സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾതന്നെ പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒടുക്കുവരുത്താറുള്ളതും. അപഹരണ സ്വഭാവമുള്ളതും അല്ലാത്തതുമായ വലിയ തുക ബാദ്ധ്യതയായി കാണുന്ന കേസുകളിൽ ആഡിറ്റ് പൂർത്തിയാകുമ്പോൾ തന്നെ അസിസ്റ്റന്റ് ആഡിറ്റ് ആഫീസർമാർ സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി ബോർഡിന്റെയും ദേവസ്വം കമ്മീഷണർ ആഫീസിന്റെയും ശ്രദ്ധയിൽപ്പെടുത്താറുള്ളതും ആഡിറ്റിൽ തിട്ടപ്പെടുത്തുന്ന തുകയിൽ ആക്ഷേപമുള്ളവ ബോർഡിന്റെ പരിഗണനയ്ക്ക് വരാറുള്ളതുമാണ്.

മേൽ സാഹചര്യങ്ങളിൽ ആഡിറ്റിൽ തിട്ടപ്പെടുത്തുന്ന തുക ബോദ്ധ്യപ്പെടുത്തുന്നതിനായി ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ ദേവസ്വങ്ങളിൽ നേരിട്ട് സന്ദർശിച്ച് ആഡിറ്റ് റിവ്യൂ നടത്തേണ്ട ആവശ്യമില്ലായെന്നും ആഡിറ്റിൽ തിട്ടപ്പെടുത്തുന്ന ബാദ്ധ്യത തുകയെക്കാൾ എത്രയെങ്കിലും മടങ്ങ് തുക ആഡിറ്റ് നടത്തുന്നതിനായി ചെലവ് ചെയ്യുന്ന സ്ഥിതിയാണുള്ളതെന്നും ആഡിറ്റ് ഉദ്യോഗസ്ഥരുടെ യാത്രപ്പടിയും ദിനബത്തയും ഒഴിവാക്കാവുന്ന ചെലവുകളല്ലാത്തതും എന്നാൽ ആഡിറ്റ് റിവ്യൂ നടത്തുന്നതിനായി ചെലവാകുന്ന തുക ഒഴിവാക്കാവുന്നതായും പരാമർശ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ബോർഡ് വിലയിരുത്തി.

(മറുപുറം)

FOP

ആകയാൽ ആഡിറ്റ് പൂർത്തിയാകുന്ന ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബാദ്ധ്യത വിവരം ബോദ്ധ്യപ്പെടുത്തുന്ന (ആഡിറ്റ് റിവ്യൂ നടത്തുന്ന) ചുമതല അതത് അസിസ്റ്റന്റ് ആഡിറ്റ് ആഫീസർമാർക്ക് നൽകിയും, ക്രമക്കേട് റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ മാത്രം ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ നേരിട്ട് കണ്ട് ബോദ്ധ്യപ്പെടുന്നതിനും അതോടൊപ്പം ആഫീസുകളിലും ദേവസ്വങ്ങളിലും മിന്നൽ സന്ദർശനം നടത്തി കണക്കുകൾ പരിശോധിക്കുന്നതിന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർക്ക് നിർദ്ദേശം നൽകിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും.
3. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK